17/11/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1371(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 10179/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 നവംബർ 11**

ശ്രീമതി ഗിരിജ പി.കെ.,
ഫുൾ ടൈം കണ്ടിൻജെന്റ് മീനിയൽ,
ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്),
പരവനടുക്കം, കാസറഗോഡ് – 671 317. — അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കാസറഗോഡ്.

2) അപ്പീൽ അധികാരി &
വിദ്യാഭ്യാസ ഉപഡയറക്ടർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കാസറഗോഡ്. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02/07/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 10/11/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീമതി. ഗിരിജ പി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച അപേക്ഷകൾക്ക് നിയമാനുസൃതമല്ലാത്തതും റൂളിൽ പറഞ്ഞിട്ടില്ലാത്തതുമായ മറുപടിയാണ് ലഭിച്ചതെന്നും ആയതിനാൽ ടിയാളുടെ ചോദ്യങ്ങൾക്ക് നിയമാനുസൃതമായ മറുപടി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് അന്തർവകുപ്പ് സ്ഥലംമാറ്റം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളുടെ പകർപ്പ് നൽകണമെന്നാണ്:

i. അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന്, പൊതുവിദ്യാഭ്യാസ വകുപ്പ് അപേക്ഷ പരിഗണിച്ച് അനുവദിക്കുകയും തുടർനടപടികൾക്കായി കാസർഗോഡ് ജില്ലാ ഉപവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്ത 2.10.2021 ലെ നം.ഡിജിഇ/9677/2021-സി2 കത്തിന്മേൽ 'പാർട്ട്ടൈമിൽ നിന്നും ഫുൾടൈമായി സ്ഥാനക്കയറ്റം ലഭിച്ചവരെ പരിഗണിക്കില്ല' എന്നു പറഞ്ഞത് ഏത് റൂൾ പ്രകാരമാണെന്നും ചട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും

ii. ടിയാളുടെ അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ച് തുടർനടപടികൾക്കായി ടി ഓഫീസിലേക്ക്, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നേരിട്ടയച്ച കത്തുപ്രകാരം, തുടർനടപടി സ്വീകരിക്കാൻ, ഉത്തരവ് ഹാജരാക്കണമെന്ന്, സർക്കാരിന്റെ ഭാഗമായിട്ടുള്ള എതിർകക്ഷി ഓഫീസ് ആവശ്യപ്പെട്ടത് ഉചിതമായ നടപടിയാണോ എന്നും ഇങ്ങനെ ആവശ്യപ്പെടാവുന്നതാണ് എന്ന് നിർദ്ദേശിക്കപ്പെടുന്ന ചട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 08.01.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരിയുടെ അപ്പീൽ അപേക്ഷയിന്മേൽ 9.3.2022 തീയതിയിൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട എൻട്രി തസ്തികയായ പാർട്ട്ടൈം കണ്ടിൻജെന്റ് മീനിയലിൽ നിന്നാണ് ഫുൾടൈം മീനിയൽ ആയി ബൈട്രാൻസ്ഫർ നിയമനം വഴി സ്ഥാനക്കയറ്റം ലഭ്യമായിരിക്കുന്നതെന്നും, ആയതിനാൽ ടിയാരിയുടെ ഫുൾടൈം മീനിയൽ തസ്തിക എൻട്രി തസ്തികയായി പരിഗണിക്കാൻ കഴിയില്ല എന്നും 2-ാം ഇനത്തിന് ഫുൾടൈം മീനിയൽ തസ്തികയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു കൊണ്ടുള്ള രേഖകൾ ഒന്നും തന്നെ ഈ ആഫീസിൽ പരിശോധനയിൽ ലഭ്യമല്ലാത്തതിനാലാണ് ടിയാളിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും 3-ാമത്തെ ഇനത്തിന് നിയമാനുസരണം അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം/ഫുൾടൈം മീനിയൽ ജീവനക്കാർക്ക് അർഹത ഉണ്ടായിരിക്കുമെന്നും 4-ാമത്തെ ചോദ്യത്തിന് ഫുൾടൈം മീനിയൽ തസ്തികയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചുകൊണ്ടുള്ള രേഖകൾ ഒന്നും ടി ആഫീസിൽ പരിശോധനയിൽ

ലഭ്യമല്ലെന്നും 5–ാം ഇനത്തിൽ സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളെ ആസ്പദമാക്കിയാണ് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതെന്നും ആയത് ഫുൾടൈം മീനിയൽ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലെ ജീവനക്കാർക്കും ബാധകമാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.08.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി ഗിരിജ പി.കെ.യുടെ അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 2.10.2021–ലെ ഡിജിഇ/9677/2021–സി2 നമ്പർ കത്ത് പ്രകാരമുള്ള തുടർനടപടികൾക്കായി ടി ഓഫീസിൽ ലഭ്യമായിരുന്നു എന്നും, പി.ടി.സി.എം. തസ്തികയിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ളതും എന്നാൽ എഫ്.ടി.എം. തസ്തികയിലേക്കുള്ള നിയമനം സ്ഥാനക്കയറ്റം വഴിയുള്ളതുമായതിനാലും അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയില്ല എന്ന വിവരം ശ്രീമതി. ഗിരിജ പി.കെ.യ്ക്ക് ടി ഓഫീസിലെ 27.10.2021 ലെ എ5/10024/2021/ഡിഡിഇ നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിരുന്നു എന്നും, ഇതിനുശേഷം ടിയാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും ടി ഓഫീസിൽ നിന്നും മറുപടി നൽകിയിരുന്നു എന്നും 6.2.2013–ലെ ജി.ഒ.(പി)നം.05/2014/പി.&എആർഡി പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം എൻട്രി കേഡറിലെ തസ്തികയിൽ നിന്ന് മാത്രമേ നൽകാവു എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ടി വിവരം കാണിച്ചാണ് ടിയാരിയുടെ അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന മറുപടി നൽകിയതെന്നും സർക്കാർ കത്ത് നം.എൻ1/20723/2014 തീയതി 17.3.2015 പ്രകാരം 1966 ലെ കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഫുൾ ടൈം മീനിയൽ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ഓരോ വർഷവും ലഭ്യമായ ടി തസ്തികയിൽ ഒഴിവുകളിൽ എത്ര ശതമാനം ഒഴിവുകൾ വകുപ്പുതല മാറ്റത്തിനായി നീക്കിവെക്കണമെന്നു നിർദ്ദേശമില്ലെന്നും, പരാതിക്കാരി സൂചിപ്പിച്ചപോലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെട്ട ഫുൾ ടൈം ജീവനക്കാരെ വകുപ്പുതല സ്ഥലംമാറ്റത്തിന് പരിഗണിക്കാമെങ്കിലും കാസർഗോഡ് ജില്ലയിൽ ഓരോ വർഷവും ഉണ്ടാകുന്ന എഫ്.ടി.എം. തസ്തികകളുടെ 50 ശതമാനം ജില്ലാകളക്ടർ തയ്യാറാക്കുന്ന പാർട്ട്ടൈം ജീവനക്കാരുടെ കോമൺ മുൻഗണനാ പട്ടികയിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനായി വിട്ടു നൽകുന്നുണ്ട് എന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർ മറ്റു വകുപ്പുകളിൽ നിന്നും ഫുൾ ടൈം തസ്തികയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇതര വകുപ്പിലുള്ളവരെ വീണ്ടും സ്വീകരിക്കുന്നതിനുള്ള ഒഴിവുകൾ ലഭ്യമല്ലാത്ത സ്ഥിതിയുണ്ടാകുന്നതുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരിയേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ.യുടെയും അപ്പീൽ അധികാരിയുടെയും ഭാഗത്തു നിന്നും പരാതിക്കാരിക്ക് വ്യക്തമായ മറുപടി നൽകുന്നതിൽ ചില വീഴ്ചകൾ സംഭവിച്ചതായി കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ക്ലാസ് 4 ജീവനക്കാരുടെ വകുപ്പുതല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 6.2.2013 ലെ ജി.ഒ.(പി)നം.05/2013/പി.&എആർഡി നമ്പർ ഉത്തരവിന്റെയും ആയതുമായി ബന്ധപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെയും പകർപ്പുകൾ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷയ്ക്കുള്ള വ്യക്തമായ മറുപടി പരാതിക്കാരിക്ക് 25.11.2022 നകം നൽകുന്നതിനോടൊപ്പം പകർപ്പ് കമ്മീഷനിലേയ്ക്കും എസ്.പി.ഐ.ഒ. നൽകേണ്ടതാണ്. കുടാതെ ഭാവിയിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ എസ്.പി.ഐ.ഒ.യും, അപ്പീൽ അധികാരിയും വളരെ അധികം ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 നവംബർ മാസം 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി